# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3146** 18-10-2016-ൽ **മറുപടിക്ക്**

## കൂടംകുളം വൈദ്യുതി ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൂടംകുളത്തുനിന്നും വൈദ്യുതി എത്തുന്ന പവർ ഹൈവേ ലൈൻ സംസ്ഥാനത്ത് എത്ര കിലോമീറ്റർ നീളത്തിലാണ് കടന്നുപോകുന്നത്; ഇതിനായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) കൂടംകുളത്തുനിന്നും വൈദ്യുതി എത്തുന്ന പവർ ഹൈവേ ലൈൻ സംസ്ഥാനത്ത് 148 കിലോമീറ്റർ നീളത്തിലാണ് കടന്നു പോകുന്നത്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നില്ല. സ്വകാര്യ ഭൂമിയിൽ കൂടി ലൈൻ കടന്നു പോകുമ്പോൾ യുക്തമായ നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (ബി) എത്ര വീടുകൾ ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരം സംബന്ധിച്ച ധാരണയിലെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) വിശദമായ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്കേ നീക്കം ചെയ്യേണ്ടി വരുന്ന വീടുകളുടെ കൃത്യമായ കണക്ക് ലഭ്യമാകൂ. ലൈൻ കടന്നുപോകുന്നതിന്റെ നേരെ താഴെ 16 മീറ്റർ ഇടനാഴി വരുന്ന സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടി വരുന്ന വീടുകൾക്കും നിർമ്മിതികൾക്കും അവ പുനസ്ഥാപിക്കേണ്ട മൂല്യം കണക്കാക്കി പ്രത്യേകം നഷ്ടപരിഹാരം നൽകുന്നതിനും കേടുപാടുകൾ വരുന്ന വീടുകൾക്ക് PWD മൂല്യ നിർണ്ണയ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും നീക്കം ചെയ്യേണ്ടതില്ലാത്ത വീടുകൾക്ക് പ്രത്യേക പാക്കേജായി 1 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനും ധാരണയായിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 29/15/പി.ഡി തീയതി 30.7.2015, സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 19/16/പി.ഡി തീയതി 31.8.2016 ഉം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ കർഷകരുടെ കൃഷിയും വീടും നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) പദ്ധതി പ്രദേശത്തെ കർഷകരുടെ ബുദ്ധിമുട്ടുകൾ യഥാവിധി പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ യോഗത്തിലുണ്ടായ ധാരണകൾക്കനുസരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്ക് ബദലായി ആക്ഷൻ കമ്മിറ്റികളുംസർക്കാരും സമർപ്പിച്ച നിർദ്ദേശം പ്രായോഗികമല്ലെന്ന പവർഗ്രിഡ് കോർപ്പറേഷന്റെ വാദം സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആക്ഷൻ കമ്മിറ്റികളുടെ നിർദ്ദേശം സംബന്ധിച്ച പവർഗ്രിഡ് കോർപ്പറേഷന്റെ വാദത്തെക്കുറിച്ച് വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**